"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവ - കോഴിക്കോട് താലൂക്ക് കടലുണ്ടി വില്ലേജിലെ ചാലിയം ഭാഗത്ത് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിനനുവദിക്കുന്ന വനഭൂമിക്ക് പകരമായി പരിഹാരവനവത്കരണത്തിന് കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചെമ്പനോട വില്ലേജിൽ RKDP പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ വിലയ്ക്ക് വാങ്ങി ബഹു.ഗവർണ്ണറുടെ പേരിലേയ്ക്ക് പോക്കുവരവ് ചെയ്തിട്ടുള്ള 1384.64 ആർസ് ഭൂമിയിൽ നിന്നും 2.0369 ഹെക്ടർ ഭൂമിയുടെ ഉടമസ്ഥാവകാശം വനം വകുപ്പിന് കൈമാറി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.226/2024/RD തീയതി, തിരുവനന്തപുരം, 14-11-2024

---

പരാമർശം:-
1. 04.06.2022 ലെ സ.ഉ (സാധാ) 2474/2022/റവ നമ്പർ ഉത്തരവ്
2. 11-06-2024 ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ DCKKD/5371/2017-L10 നമ്പർ കത്ത്
3. 04-07-2024 ലാൻഡ് റവന്യൂ കമ്മീഷണറുടെ LR/5046/2021-LR(K2)നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് കടലുണ്ടി വില്ലേജിലെ ചാലിയം ഭാഗത്ത് ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്നതിന് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് 2.0639 ഹെക്ടർ വനഭൂമി കൈമാറുന്നതിന് പകരമായി പരിഹാര വനവത്ക്കരണത്തിനായി വനം വകുപ്പിന് ഭൂമി കണ്ടെത്തുന്നതിന് കമ്മിറ്റി രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം സ്കീം (RKDP) പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന സർക്കാർ വിലയ്ക്ക് വാങ്ങിയ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചെമ്പനോട വില്ലേജിലെ 1384.64 ആർസ് ഭൂമിയിൽ നിന്നും 2.0369 ഹെക്ടർ ഭൂമി പരിഹാര വനവത്കരണത്തിനായി നൽകാവുന്നതാണെന്ന് ജില്ലാ കളക്ടർ

അറിയിച്ചിരുന്നു. ആയത് പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു.മേൽ സാഹചര്യത്തിൽ കോഴിക്കോട് താലൂക്ക് കടലുണ്ടി വില്ലേജിലെ ചാലിയം ഭാഗത്ത് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിന് അനുവദിക്കുന്ന വനഭൂമിക്ക് പകരം പരിഹാരവനവത്കരണത്തിനായി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചെമ്പനോട വില്ലേജിൽ RKDP പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ വിലയ്ക്ക് വാങ്ങി ബഹു.ഗവർണ്ണറുടെ പേരിലേയ്ക്ക് പോക്കു വരവ് ചെയ്തിട്ടുള്ള 1384.64 ആർസ് ഭൂമിയിൽ നിന്നും 2.0369 ഹെക്ടർ ഭൂമിയുടെ ഉടമസ്ഥാവകാശം വനം വകുപ്പിന് കൈമാറി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്എ&ഇ), തിരുവനന്തപുരം.

ജില്ലാ കളക്ടർ; കോഴിക്കോട്

വനം വന്യജീവി വകുപ്പ് (21.10.2024 ലെ നം.1557164- C2/68/2020-FWLD പ്രകാരം)

മത്സ്യബന്ധന തുറമുഖ വകുപ്പ് (29/07/2024 ലെ B2/57/2022/F&PD പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (REV-L2/44/2022-REV)

ഉത്തരവിൻ പ്രകാരം

Signed by
Priya Vincent
സെക്ഷൻ ഓഫീസർ
Date: 15-11-2024 10:56:21